ഉത്തരം

(എ&ബി) ഉണ്ട്. 1-10-2011-ലെ ജി.ഒ.(പി) 199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തിക നിർണ്ണയം 1:45-ൽ നടത്തുവാനും അധികമാകുന്ന റഗുലർ അധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്.

"ജിജി ഉൾപ്പെടെയുള്ള അദ്ധ്യാപകരുടെ നിയമനം"

29 (3752) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിലെ L1/6666/2015 ഫയലിൽ ജിജി തുടങ്ങിയ അദ്ധ്യാപകരുടെ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, ഫയൽ തീർപ്പാക്കിയ ഉത്തരവ് തുടങ്ങി ഫയലിലെ മുഴുവൻ രേഖകളും ഉൾപ്പെടുന്നത്) ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ സമർപ്പിക്കപ്പെട്ട പരാതിക്കാരുടെ വാദപത്രത്തിൽ മലപ്പുറം ജില്ലയിലെ ഏറനാട് മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള വിദ്യാലയത്തിൽ സമാന സാഹചര്യത്തിൽ അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകിയതുമായി ബന്ധപ്പെട്ട ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, തീർപ്പാക്കിയ ഉത്തരവ് മുതൽ ഫയലിലെ മുഴുവൻ രേഖകളുടെയും പകർപ്പ്) ലഭ്യമാക്കാമോ ; തസ്തികയിലേക്ക് കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിൽ ഇത് സംബന്ധിച്ചുള്ള ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, തീർപ്പാക്കിയ ഉത്തരവ് തുടങ്ങി മുഴുവൻ രേഖകളുടെയും) ലഭ്യമാക്കാമോ ; കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസിൽ പരിപാലിക്കപ്പെട്ടിട്ടുള്ള സംരക്ഷിതാദ്ധ്യാപകരുടെ രജിസ്റ്റർ/സ്ഥിതിവിവരം അവലംബമാക്കി 2006-07 മുതൽ 2010-11 വരെ വിവിധ കാറ്റഗറിയിൽ ഉള്ള സംരക്ഷിതാദ്ധ്യാപകരുടെ വർഷം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ജിജി ഉൾപ്പെടെയുള്ള 16 അദ്ധ്യാപകർ ബഹുമാനപ്പെട്ട കോടതി മുൻപാകെ WP(C) 282/15T നമ്പരായി കേസ് ഫയൽ ചെയ്യുകയും കോടതിയുടെ വിധിയനുസരിച്ച് ശ്രീമതി ജിജിയെയും താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറെയും കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂൾ മാനേജരെയും നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18-6-2015-ൽ സ.ഉ. (സാധാ)

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 2436/15/പൊ.വി. പുറപ്പെടുവിക്കുകയും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും 23-6-2015-ൽ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. (രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹെഡ് മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെയുംനിയമനം

30 (3753) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെയും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽ നിന്നും ഹെഡ്മാസ്റ്റർമാരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രൊമോഷൻ ടെസ്റ്റിൽ ജയിക്കുന്നവരെ ഹെഡ്മാസ്റ്റർമാരായി നിയമിച്ചാൽ മതിയെന്ന് തീരുമാനമുണ്ടോ ;

(ഡി) സർവ്വീസ് റൂൾ അനുസരിച്ച് അമ്പത് വസസ്സ് കഴിഞ്ഞവരെ പ്രൊമോഷൻ ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ഇ) ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈസ്കൂളിൽ 38 ഹെഡ്മാസ്റ്റർമാരുടെയും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 118 പ്രിൻസിപ്പൽമാരുടെയും ഒഴിവുകൾ നിലവിലുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly